നീതിസ്റ്റോറുകളെ ബലപ്പെടുത്തുന്നതിനുള്ള ശ്രമം ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും ആരംഭിക്കുവാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ നടത്തിവരുന്നതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സമ്മിശ്ര പ്രതികരണമുണ്ട്. പൊതുവിൽ സമൂഹത്തിന് പ്രയോജനം ലഭിക്കുന്നതാണെന്ന് കണ്ടിട്ടുണ്ട്. അതു കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനു സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

V. വ്യക്തിപരമായ വിശദീകരണം

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, എന്നെപ്പറ്റി ഒരു പ്രസ്താവന വന്നത് നിഷേധിക്കുന്നതിനുള്ള വ്യക്തിപരമായ വിശദീകരണത്തിനാണ് ഞാൻ എഴുതിക്കൊടുത്ത് അനുമതി കിട്ടിയിട്ടുള്ളതാണ്. ഞാൻ ഇന്നലെ ടൗണിൽ നാല് മീറ്റിംഗുകളിൽ പ്രസംഗിച്ചു. ആ പ്രസംഗങ്ങളിലൊന്നും സഭാമേലധികാരികളെ നൊമ്പരപ്പെടുത്തുന്ന തരത്തിൽ യാതൊരു സ്റ്റേറ്റ്മെന്റും ഞാൻ നടത്തിയിട്ടില്ല. പത്രങ്ങളിൽ വന്ന വാർത്ത ഞാൻ നിഷേധിക്കുന്നു ..... (ബഹളം) .....

മി. സ്പീക്കർ : അതു നിഷേധിച്ചല്ലോ. അദ്ദേഹം പറഞ്ഞു, അങ്ങനെ നടത്തിയിട്ടില്ല, നിഷേധിക്കുന്നു എന്ന്. അത്രയേയുള്ളൂ. നിങ്ങൾ ഒച്ചപ്പാടുണ്ടാക്കരുത്.

കഴിഞ്ഞ ദിവസം മാറ്റിവച്ചതുൾപ്പെടെയുള്ള സബ്മിഷൻസ് ഇന്നുണ്ട്. ഇന്ന് ചർച്ച നടക്കുന്നതുകൊണ്ട് സബ്മിഷൻസ് ചുരുക്കിപ്പറയണം. ചുരുങ്ങിയ സമയംകൊണ്ട് തീർക്കുവാൻ കഴിയണം.

VI. സബ്മിഷൻ

(1) എറണാകുളം ജില്ലയിൽ വ്യാപകമായി സംഭവിക്കുന്ന തീപിടിത്തം

ശ്രീ. എം.എ. തോമസ് : സർ, എറണാകുളം ജില്ലയിൽ തീപിടിത്തം ഒരു സാധാരണ സംഭവമായി മാറിക്കഴിഞ്ഞു. മാർച്ച് മാസം 12-ാം തീയതി മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ ഈശ്വർദാസ് ആന്റ് സൺസ് എന്ന റബ്ബർ കമ്മീഷൻ ഏജൻസി സ്ഥാപനത്തിന്റെ ഗോഡൗണിന് തീപിടിച്ച് ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടം ഉണ്ടായിരിക്കുന്നു. പ്രസ്തുത സ്ഥാപനം ഏതാണ്ട് ആറര-ഏഴ് കോടിരൂപയുടെ സെയിൽസ് ടാക്സ് വിഹിതം ഗവണ്മെന്റിലേയ്ക്ക് നല്കുന്നുണ്ട്. തീപിടിത്തം സംഭവിച്ചത് ഏതെങ്കിലും സാമൂഹ്യ വിരോധികൾ തീവച്ചതുകൊണ്ടാണെങ്കിൽ അവരെ കണ്ടുപിടിക്കുന്നതിനും അതല്ല ആക്സിഡന്റലായിട്ട് സംഭവിച്ചതാണെങ്കിൽ ഭാവിയിൽ അഗ്നിശമനസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിൽ ഈശ്വർദാസ് ആന്റ് സൺസ് എന്ന റബ്ബർ കമ്മീഷൻ ഏജൻസി ഓഫീസ് മുറിക്ക് 12.3.2000-ന് രാത്രി തീപിടിച്ചു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരും ഫയർ സർവീസ് ഉദ്യോഗസ്ഥന്മാരും സ്ഥലത്തെത്തി തീ നിയന്ത്രണ വിധേയമാക്കി. കാലപ്പഴക്കമുള്ള കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

വയറിംഗിൽ നിന്നും ഷോർട്ട് സർക്യൂട്ട് ഉണ്ടായി തീപിടിച്ചതാകാമെന്നാണ് സ്ഥാപന ഉടമ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. എറണാകുളം സിറ്റിയിൽ ഈ വർഷം മാർച്ച് 12 വരെ 7 തീപിടിത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിന്മേലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. ഇത്തരം തീപിടിത്തങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തി ഭാവിയിൽ അതു തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ, ഫയർഫോഴ്സ്, വിദ്യുച്ഛക്തി ബോർഡ്, വാട്ടർ അതോറിറ്റി, റവന്യൂ, പോലീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) സ്വാതന്ത്ര്യ സമരസേനാനികളുടെ വിധവകൾക്ക് സൗജന്യ യാത്രാ പാസ്

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, സ്വാതന്ത്ര്യ സമരസേനാനികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിനു സൗജന്യ ബസ്പാസ് ഗവണ്മെന്റ് നല്കിയിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനികൾ എണ്ണത്തിൽ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. അവരുടെ രാജ്യസേവനം പരിഗണിച്ച്, അവരോടുള്ള ആദരവ് കണക്കിലെടുത്താണ് ഗവണ്മെന്റ് അവർക്ക് ചില ആനുകൂല്യങ്ങൾ നല്കിവരുന്നത്. അതിന്റെ ഭാഗമായി അന്തരിച്ച സ്വാതന്ത്ര്യസമര സേനാനികളുടെ വിധവകൾക്കു സൗജന്യ ബസ്പാസ് അനുവദിക്കുവാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി <u>(ശ്രീ. ഇ.കെ. നായനാർ)</u> : സർ, സ്വാതന്ത്ര്യ സമരഭടന്മാർക്ക് സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം അന്തരിച്ച സ്വാതന്ത്ര്യ സമരഭടന്മാരുടെ വിധവകൾക്കുകൂടി അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും ചില വിവരങ്ങൾ കൂടി ലഭിക്കേണ്ടതുണ്ട്. അവ എത്രയും പെട്ടെന്ന് ലഭ്യമാക്കി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(3) ഗോശ്രീ പദ്ധതിയിൻകീഴിൽ നികത്തപ്പെടുന്ന കായൽ ഭൂമിയുടെ ഉടമസ്ഥാവകാശം

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, എറണാകുളം ഗോശ്രീ ഐലാന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ പ്രധാനപ്പെട്ട പദ്ധതി എറണാകുളം-വൈപ്പിൻ പാലം പണിയുക എന്നതാണ്. എറണാകുളം-വൈപ്പിൻ പാലം പണിയുവാൻവേണ്ടി പണം കണ്ടെത്തുന്നതിന് കായൽ നികത്തി 25 ഹെക്ടർ ഭൂമി ഉണ്ടാക്കേണ്ടതുണ്ട്. എറണാകുളം-വൈപ്പിൻ പാലത്തിന് 84 കോടി രൂപ ആവശ്യമാണ്. ഈ കായൽ നികത്തി ഭൂമി വിറ്റുവേണം 84 കോടി രൂപ സ്വരൂപിക്കാൻ. ആ ഭൂമി വിൽക്കുവാൻവേണ്ടി ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥാവകാശം ഒരു വിഷയമായി മാറുന്നു. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly